
# അദ്ധ്യായം - 18 - 19



*ഹേമദ്പാന്തിനെ എങ്ങിനെ സ്വീകരിച്ച് അനുഗ്രഹിച്ചു എന്ന് - മിസ്റ്റർ സതേയുടെയും മിസ്സിസ്സ് ദേശ്മുഖിന്റെയും കഥകൾ - നല്ല ചിന്തകളെ ഫലവത്താക്കൽ - പലതരത്തിലുള്ള ഉപദേശങ്ങൾ - അപലപിക്കുന്നതിനെപ്പറ്റിയും അദ്ധ്വാനത്തിനുള്ള പ്രതിഫലത്തെപറ്റിയുമുള്ള പാഠങ്ങൾ.*

## പ്രാരംഭവാക്യങ്ങൾ

സദ്ഗുരു ശിഷ്യന്റെ ഗുണത്തെ നോക്കി മനഃശ്ചാഞ്ചല്യം വരുത്താതെ ഉപദേശം കൊടുത്ത് അവരെ പ്രാപ്യസ്ഥാനമായ ആത്മവിജ്ഞാനത്തിലേക്കു നയിക്കുന്നു എന്ന് പരക്കെ അറിയുന്ന വസ്തുതയാണ്. ഇക്കാര്യത്തിൽ, സദ്ഗുരു ഉപദേശിക്കുന്നത് പുറമെ മറ്റാരോടും പറഞ്ഞുപോകരുതെന്ന് ചിലർ പറയുന്നു. അവർ വിചാരിക്കുന്നത്, പരസ്യമാക്കിയാൽ ഉപദേശം ഫലമില്ലാത്തതാവുമെന്നാണ്. ഈ അഭിപ്രായം ശരിയല്ല. സദ്ഗുരു, കാലവർഷത്തിലെ മഴക്കാറുപോലെയാണ് അദ്ദേഹം കാറുപോലെ ധാരാളം വർഷിക്കുന്നു - അതായത്, ഉപദേശം പലർക്കും കൊടുക്കുന്നു. അത് മനസ്സിലാക്കി, ആസ്വദിച്ചു മറ്റുള്ളവർക്കു ഗുണം ചെയ്യലാണ് നാം ചെയ്യേണ്ടത്. അതിന്ന് കലവറ പാടില്ല.





ഇത് ഉണർന്നിരിക്കുമ്പോഴത്തെ ഉപദേശത്തിനും സ്വപ്നത്തിൽ കാണിച്ചു തരുന്ന ദർശനങ്ങൾക്കും ഒരു പോലെ ബാധകമാണ്. ഉദാഹരണമായി ബുധകൗശിക ഋഷി അദ്ദേഹത്തിന് സ്വപ്നത്തിൽ കണ്ട രാമരക്ഷാ സ്ത്രോത്രം പരസ്യമായി പറഞ്ഞുകൊടുത്തു.

പുത്രവത്സലയായ അമ്മ, ഫലവത്തും പക്ഷെ കയ്പ്പുള്ളതുമായ മരുന്ന്, കുട്ടിയെ ബലം പ്രയോഗിച്ച് കുടിപ്പിക്കുംപോലെ, സായിബാബ ഭക്തന്മാർക്ക് ആദ്ധ്യാത്മിക ഉപദേശങ്ങൾ നൽകിവന്നു. ബാബയുടെ സമ്പ്രദായം രഹസ്യമോ മൂടുപടമിട്ടതോ അല്ല. തുറന്നതാണ്. ബാബയുടെ നിർദ്ദേശം അനുസരിച്ച ഭക്തന്മാർക്ക് അതിന്റെ നേട്ടങ്ങളും സിദ്ധിച്ചു. സായിബാബപോലെയുള്ള സദ്ഗുരു, നമ്മുടെ കണ്ണു തുറന്നു തരുന്നു (ബുദ്ധിയുടെ). എന്നിട്ട് ആത്മാവിന്റെ ദിവ്യസൗന്ദര്യത്തെ കാണിച്ചുതന്നു. നമ്മുടെ ഭക്തിക്കായ്ക്കൊണ്ടുള്ള കുരുന്നു മോഹങ്ങളെ സാധിപ്പിച്ചു തരുന്നു. ഇത് ചെയ്തുകഴിയുമ്പോഴെക്കും, നമ്മുടെ ഇന്ദ്രിയസുഖേച്ഛ ഇല്ലാതാവുന്നു. ഇരട്ട ഫലങ്ങളായ വിവേകവും, വൈരാഗ്യവും, നമുക്ക് കൈവരുന്നു. അപ്പോൾ സ്വപ്നത്തിൽപോലും, ജ്ഞാനം പൊട്ടിമുളക്കുന്നു. ഇതെല്ലാം നമുക്ക് സിദ്ധിക്കുന്നത്, യോഗീശ്വരന്മാരായ സദ്ഗുരുക്കളുടെ സമ്പർക്കത്തിൽ നിന്നാണ്. അവരെ ഉപചരിച്ച്, പ്രീതി സമ്പാദിക്കുക-ഭക്തജനഹിതം സാധിപ്പിക്കുന്ന ഭഗവാൻ, നമ്മുടെ സഹായത്തിനെത്തുന്നു. നമ്മുടെ കഷ്ടതകളും കുഴപ്പങ്ങളും ഇല്ലായ്മ ചെയ്തു, നമ്മെ സന്തുഷ്ടരാക്കുന്നു. ഈ പുരോഗമനം, ദൈവമായി കരുതുന്ന സദ്ഗുരുവിന്റെ സഹായംകൊണ്ട് മാത്രമാണ് സിദ്ധിക്കുന്നത്. അതുകൊണ്ട് നാം, എപ്പോഴും സദ്ഗുരുവിന്റെ പുറകിൽപോയി, അദ്ദേഹത്തിന്റെ കഥകൾകേട്ട്, കാല്ക്കൽവീണ് ഉപചരിക്കണം. ഇനി പ്രധാന കഥയിലേക്ക് കടക്കാം.

## മിസ്റ്റർ സതേ

ബോംബെ ഗവർണ്ണരായി വന്ന റീ പ്രഭുവാൽ അവസാനിപ്പിക്കപ്പെട്ട, ക്രോഫോർഡിന്റെ ഭരണകാലത്ത്, കുറെ പ്രശസ്തിയാർജ്ജിച്ച മിസ്റ്റർ സതേ എന്നു പേരായ ഒരു മാന്യനുണ്ടായിരുന്നു. അയാൾക്ക് വ്യാപാരത്തിൽ കഠിനമായ നഷ്ടം പറ്റി. മറ്റു വിപരീത പരിതസ്ഥിതികളും അയാളെ കഷ്ടപ്പെടുത്തുകയാൽ, അയാൾ വിഷാദവാനും നിരാശനുമായി തീർന്നു. വിശ്രമരഹിതനായി, നാടുവിട്ട്, ദൂരെ എങ്ങാനും പോവാൻ അയാൾ തീർച്ചയാക്കി, സ്വതവെ മനുഷ്യൻ ദൈവത്തെ ഓർക്കില്ലെങ്കിലും, വിഷമങ്ങളും ദുരിതങ്ങളും സംഭവിക്കുമ്പോൾ ദൈവത്തെ ഓർത്ത്, ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അയാളുടെ ദുഷ്കർമ്മഫലം അവസാനിച്ചാൽ, അയാളെ ദൈവം ഒരു യോഗീശ്വരന്റെ അടുത്തെത്തിച്ച് രക്ഷിക്കുന്നു. മിസ്റ്റർ സതേക്കും അതുമാതിരി അനുഭവമാണുണ്ടായത്. അയാളുടെ സുഹൃത്തുക്കൾ, ഷിർദ്ദിയിലേക്കു പോവാൻ അയാളെ ഉപദേശിച്ചു. അവിടെ പലരും സായിദർശനം ചെയ്ത് - ഇഷ്ടമായത് സാധിച്ചുവരുന്നതായും അവർ പറഞ്ഞു. അയാൾ അതിൽ തല്പരനായി. 1917-ൽ സായി ദർശനത്തിനായി ഷിർദ്ദിയിൽ വന്നു. ബാബയുടെ ശ്വാശ്വത ബ്രഹ്മവും, ആത്മ ജ്യോതിർമയവും, പരിശുദ്ധവുമായ രൂപം കണ്ടതോടെ, അയാളുടെ പരിഭ്രമമെല്ലാം തീർന്ന്, മനസ്സ് ശാന്തമായി, മുജ്ജന്മ സുകൃതംകൊണ്ടാണ്, ബാബയുടെ പാദങ്ങളിലെത്താൻ കഴിഞ്ഞതെന്നയാൾക്ക് ബോദ്ധ്യമായി. അയാൾ വലിയ മനഃശക്തിയുള്ള ആളായിരുന്നു. അയാൾ ഉടനെ ഗുരുചരിത്രം പാരായണം തുടങ്ങി. സപ്താഹമായി വായന കഴിഞ്ഞു അന്നു രാത്രി സാതെ ഒരു സ്വപ്നം കണ്ടു. ബാബ ഗുരുചരിത്രം കയ്യിൽവെച്ചു അതിന്റെ അർത്ഥം മിസ്റ്റർ സതെക്ക് പറഞ്ഞുകൊടുക്കുകയാണ്. മിസ്റ്റർ സതെ മുന്നിലിരുന്നു ശ്രദ്ധിക്കുന്നു. ഉണർന്നപ്പോൾ സ്വപ്നം

ഓർമ്മവന്ന്, അയാൾ സന്തുഷ്ടനായി. അയാൾ ഈ അനുഭവം കൊണ്ട്, കൂർക്കം വലിച്ച് ഉറങ്ങി സമയം കളയുന്നതിനു പകരം, ബാബ ഇങ്ങിനെ ഉപദേശം കൊടുത്തതിൽ അതീവ സന്തുഷ്ട നായി. അടുത്ത ദിവസം അയാൾ കാക്കാസാഹേറാബ് ദീക്ഷിത്തി നോട് വിവരം പറയുകയും ബാബയോട്അതിന്റെ ഉദ്ദേശം എന്താ ണ്, വീണ്ടും സപ്താഹമായി ഗുരുചരിത്രം വായിക്കണോ എന്നന്വേഷിക്കാനും ആവശ്യപ്പെട്ടു. കാക്കാസാഹെബ് ദീക്ഷിത് അവസരം കിട്ടിയപ്പോൾ ബാബയോട് ചോദിച്ചു. ദേവ! മിസ്റ്റർ സതേയോട് ഈ ദർശനംകൊണ്ട് എന്താണ് നിർദ്ദേശിച്ചത്? അയാൾ സപ്താഹം തുടർന്നു വായിക്കണമെന്നാണോ? അയാൾ ഒരു ശുദ്ധനായ ഭക്തനാണ്. ഈ ദർശനത്തിന്റെ അർത്ഥം അയാൾക്ക് വിവരിച്ചുകൊടുത്ത്, അയാളെ അനുഗ്രഹിക്കണം. ബാബ, ഇങ്ങിനെ മറുപടി പറഞ്ഞു. അയാൾ ആ പുസ്തകം ഒരിക്കൽകൂടി സപ്താഹമായി വായിക്കണം. അത് ശ്രദ്ധാപൂർവ്വം പഠിച്ചാൽ, ഭക്തൻ പരിശുദ്ധനായി ഗുണങ്ങളനുഭവിക്കും. ഭഗ വാൻ സന്തുഷ്ടനായി സംസാരബന്ധത്തിൽ നിന്ന് വിമുക്തനാ ക്കും.

ഹേമദ്പാന്ത് ബാബയുടെ കാല് തലോടുകയായിരുന്നു. ഇത് കേട്ടപ്പോൾ അയാൾ ഇപ്രകാരം ആലോചിച്ചു. എന്ത്! മിസ്റ്റർ സതെ ഒരാഴ്ച മാത്രം വായിച്ച് അതിനുള്ള നേട്ടം സാമ്പാദിച്ചു ഞാൻ നാല്പതുകൊല്ലമായി വായിച്ചിട്ട് ഒരു ഫലവുമില്ല. അയാ ളുടെ ഏഴുദിവസത്തെ ഇവിടുത്തെ താമസം ഫലപ്രദവും, എന്റെ ഏഴുവർഷത്തെ (1910-1917) താമസം വെറുതെയും ആവുകയാ ണ്. ചാതകപക്ഷിപോലെ, ബാബയാകുന്ന മേഘം വർഷിക്കു ന്നതും പ്രതീക്ഷിച്ചു ഞാൻ ഇരിക്കുന്നു, എന്നെ അനുഗ്രഹിച്ച് ഉപദേശിക്കാൻ. ഈ വിചാരം മനസ്സിലുദിച്ചപ്പോഴെക്കും ബാബ അറിഞ്ഞു. ഭക്തന്മാരുടെ അനുഭവംകൊണ്ട് അവരെന്തു വിചാ

രിച്ചാലും ബാബ അറിയുമെന്നും അതിൽ നല്ല വിചാരം വളർത്തി, ചീത്ത വിചാരം ബാബ നശിപ്പിച്ചുകളയുമെന്നും തെളിഞ്ഞതാണ്. ഹേമദ്പാന്തിന്റെ വിചാരമറിഞ്ഞിപ്പോൾ ഉടനെ ബാബ അയാളോട് ശാമയുടെ അടുക്കൽപോയി 15ക. ദക്ഷിണ  വാങ്ങികൊണ്ടുവരാനും കുറച്ചുനേരം സംസാരിച്ചിരുന്നു മടങ്ങിവരാനും പറഞ്ഞു. ബാബക്ക് ദയ തോന്നി ഇങ്ങനെ കല്പിച്ചതാണ്. ബാബയുടെ കൽപന ആർക്ക് ലംഘിക്കാനാവും?

ഹേമന്ത്പാന്ത് ഉടനെ മസ്ജിദ് വിട്ട് ശാമയുടെ വീട്ടിലേക്ക് പോയി. ശാമ അന്നേരം കുളി കഴിഞ്ഞ് ഒരു മുണ്ടുമാത്രം ഉടുത്ത് നില്ക്കയായിരുന്നു. അയാൾ പുറത്ത് വന്ന് ഹേമന്ത്പാന്തിനോട് ചോദിച്ചു.  എന്താ ഇപ്പോൾ ഇങ്ങോട്ട് പോന്നത്. മസ്ജിദിൽ നിന്നാണ് വരുന്നതെന്ന് തോന്നുന്നല്ലോ. എന്താണ് പരിഭ്രാന്തനും നിരാശനുമായി കാണുന്നത്? എന്താണ് ഒറ്റയ്ക്കായത്? കുറച്ചിരിക്കൂ. ഞാൻ പ്രാർത്ഥന കഴിഞ്ഞു ഉടനെ വരാം. അതിനിടക്കു ഒന്നു മുറുക്കിക്കൊള്ളൂ. എന്നിട്ട് നമുക്ക് കുറച്ച് സംസാരിച്ചിരിക്കാം" എന്നു പറഞ്ഞ് അയാളുള്ളിൽ പോയി, ഹേമദ്പാന്ത് വരാന്തയിലും ഇരുന്നു ജനലിന്മേൽ അയാൾ 'നാഥ് ഭാഗവത്' എന്ന പ്രശസ്ത മറാത്തി പുസ്തകം ഇരിക്കുന്നത് കണ്ടു. ഇത് ഭാഗവതം 11-ാം സ്കന്ധത്തിന് ഏകനാഥൻ എഴുതിയ വ്യാഖ്യാനമാണ്. ബാബയുടെ നിർദ്ദേശപ്രകാരം ബാപ്പുസാഹെബ് ജോഗും കാക്കാസാഹെബ് ദീക്ഷിതും നിത്യവും ഷിർദ്ദിയിൽവെച്ച് ഭവാർത്ഥ ദീപിക അഥവാ ജ്ഞാനേശ്വരി എന്ന മറാത്തി വ്യാഖ്യാനത്തോട് കൂടിയ ഭഗവത് ഗീതയും നാഥ് ഭാഗവതവും (ഉദ്ധവഗീത) ഏകനാഥിന്റെ ഭവാർത്ഥ രാമായണവും, വായിക്കലുണ്ടായിരുന്നു. ഭക്തന്മാർ സംശയങ്ങൾ ചോദിക്കുമ്പോൾ, ബാബ ഏതാനും പറഞ്ഞ് കൊടുത്ത് ബാക്കി ഈ വായന കേട്ട് മനസ്സിലാക്കാൻ നിർദ്ദേശിക്കുമായിരുന്നു. കാരണം, അവ, ഭഗ





വത് ധർമ്മത്തെപ്പറ്റി പ്രതിപാദിക്കുന്നവയാണ്. അങ്ങിനെ ഭക്ത ന്മാർ വായനകേട്ടാൽ അവരുടെ സംശയം പൂർണ്ണമായും തീരു മായിരുന്നു. ഹേമദ്പാന്തും നാഥ് ഭാഗവതത്തിൽ നിന്നും നിത്യ വും പാരായണം ചെയ്യലുണ്ടായിരുന്നു.

അന്ന് നിത്യപാരായണം പൂർത്തിയാക്കാതെ, ഇടക്കു നിർത്തി, ചില ഭക്തന്മാരോടുകൂടെ മസ്ജിദിലേക്കു പോവുക യാണുണ്ടായത്. ശാമയുടെ ജനലിൽനിന്ന് പുസ്തകമെടുത്ത് നിവർത്തിയപ്പോൾ, അതിശയകരമായ വിധം കണ്ടത് അന്നു വായിച്ചു പൂർത്തിയാക്കാതെ നിർത്തിയ ഭാഗം തന്നെയാണ്. വായന പൂർത്തിയാകാത്ത ഭാഗം വായിച്ചു പൂർത്തിയാക്കി. അത് തീർന്നതോടുകൂടി, ശാമ പൂജ കഴിഞ്ഞ് മടങ്ങി വന്ന് അവർ തമ്മിൽ ഇപ്രകാരം സംഭാഷണത്തിൽപ്പെട്ടു.

ഹേമദ്പാന്ത് :- ഞാൻ ബാബയുടെ ഒരു നിർദ്ദേശവുംകൊണ്ട് വന്നതാണ്. ബാബ നിങ്ങളോട് 15ക. ദക്ഷിണ വാങ്ങി വരാൻ പറഞ്ഞു. ഇവിടെ ഇരുന്ന്, കുറച്ചുനേരം വർത്തമാനം പറഞ്ഞു. നിങ്ങളെക്കൂട്ടി മസ്ജിദിൽ വരാൻ പറഞ്ഞു.

ശാമ:- (അതിശയിച്ച്) എന്റെ കയ്യിൽ പണമില്ല. എന്റെ പതിനഞ്ചു നമസ്ക്കാരങ്ങൾ, ഉറുപ്പികക്കു പകരം, ദക്ഷിണയായി ബാബക്ക് കൊണ്ടുപോയാലും.

ഹേമദ്പാന്ത്:- ശരി, നിങ്ങളുടെ നമസ്ക്കാരങ്ങൾ സ്വീകരിച്ചു. ഇനികുറച്ച് വർത്തമാനങ്ങൾ പറയാം. നമ്മുടെ പാപം നശിപ്പി ക്കുന്ന ബാബയുടെ ചില ലീലകളും കഥകളും പറയൂ. കേൾക്കട്ടെ.

ശാമ:- എന്നാൽ കുറച്ചിരിക്കൂ ഈ ദേവന്റെ ലീലകൾ വിസ്മയാ വഹങ്ങളാണ്. നിങ്ങൾക്കറിയാവുന്നതാണല്ലോ. ഞാൻ ഒരു ഗ്രാമീ ണനും, നിങ്ങൾ വിവരമുള്ള ആളുമാണ്. നിങ്ങൾ വന്നതിൽ പിന്നെ കുറെക്കൂടി ലീലകൾ കണ്ടു. പിന്നെ എങ്ങിനെ അവ

എനിക്ക് നിങ്ങളോട് പറഞ്ഞു. തരാൻ കഴിയും? ആട്ടെ മുറുക്കു ക. ഞാൻ പോയി വസ്ത്രം മാറ്റി ഇപ്പോൾ വരാം. കുറച്ചു നിമിഷത്തിനകം ശാമ വസ്ത്രം മാറ്റി വന്ന് ഹേമദ്പാന്തുമായി വർത്തമാനത്തിനിരുന്നു. അയാൾ പറഞ്ഞു. “ഈ ദേവന്റെ ലീല കൾ അപാരമാണ്. ലീലകൾക്ക് അവസാനമില്ല. ആർക്കാണ് അത റിയുക? ബാബ ലീലകൊണ്ട് കളിക്കുകയാണ്. എന്നിട്ടും, ബാബ ലീലകൾക്ക് പുറത്താണ് (ബാധിക്കുന്നില്ല). നാടന്മാരായ നമുക്ക് എന്തറിയും? ബാബ തന്നെ എന്താണ് കഥകൾ പറയാത്തത്? വിദ്വാന്മാരായ നിങ്ങളെപ്പോലുള്ളവരെ എന്റെ മാതിരി വിഡ്ഢി കളുടെ അടുക്കലേക്ക് ബാബ എന്തിനയക്കുന്നു? ബാബയുടെ വഴികൾ മനസ്സിലാക്കാൻ കഴിയാത്തവയാണ്. അവ, അമാനുഷ മാണെന്നു മാത്രമേ എനിക്കു പറയാനാവൂ”. ഇത്രയും പറഞ്ഞ് ശാമ വീണ്ടും തുടർന്നു.“എനിക്കിപ്പോൾ ഓർമ്മ വന്ന ഒരു കഥ പറയാം. എനിക്ക് നേരിട്ടറിയുന്നതാണ്. ഭക്തൻ ഉത്സാഹവും സ്ഥൈര്യവും കാണിച്ചാൽ ബാബ, പെട്ടെന്ന് അനുഗ്രഹിക്കും. ചിലപ്പോൾ കഠിന പരീക്ഷണം നടത്തി “ഉപദേശം” കൊടുക്കും.

ഹേമദ്പാന്തിന് “ഉപദേശം” എന്ന വാക്കു കേട്ടതോടുകൂടി മനസ്സിൽകൂടെ ഒരു മിന്നൽപിണർ അനുഭവപ്പെട്ടു. അയാൾ ഉട നെ, മിസ്റ്റർ സതെയുടെ ഗുരുചരിത്രം വായന ഓർമ്മിപ്പിക്കു കയും തനിക്ക് മനഃശാന്തി തരാൻ, ശാമയുടെ വീട്ടിലേക്ക് ബാബ തന്നെ അയച്ചതാണെന്ന് ബോദ്ധ്യമാവുകയും ചെയ്തു. അയാൾ വികാരം അടക്കി ശാമയുടെ കഥ ശ്രദ്ധിച്ചു.അതെല്ലാം ബാബ ഭക്തന്മാരോട് എത്രമാത്രം കരുണാമയനായിരുന്നു എന്നു കാണി ക്കുന്നവയാണ്. ഇവ കേട്ട് ഹേമദ് പാന്ത് ആനന്ദം അനുഭവി ക്കാൻ തുടങ്ങി. അപ്പോൾ ശാമ താഴെ പറയുന്ന കഥ പറയാൻ തുടങ്ങി.

## മിസിസ് രാധാബായി ദേശ്മുഖ്

രാധാബായി എന്നു പേരായ ഒരു വൃദ്ധ ഉണ്ടായിരുന്നു. അവർ കേശബ് ദേശ്മുഖിന്റെ മാതാവായിരുന്നു.ബാബയുടെ കീർത്തികേട്ട് അവർ സംഗമ്നഗറിലെ ആൾക്കാരോടുകൂടി ഷിർദ്ദിയിൽ വന്നു. ബാബയെ ദർശനം ചെയ്ത് അവർ അത്യധികം സംതൃപ്തയായി. ബാബയെ അത്യധികം സ്നേഹിച്ച്, അവർ ബാബയെ ഗുരുവായി സ്വീകരിച്ച് എന്തെങ്കിലും ഉപദേശമോ മന്ത്രമോ തരുന്നതുവരെ, നിരാഹാരമെടുക്കാനും, അല്ലെങ്കിൽ മരണംവരെ നിരാഹാരമെന്നും തീർച്ചയാക്കി. അവർ ലോഡ്ജിൽ താമസിച്ച്, വെള്ളമോ, ഭക്ഷണമോ തൊടാതെ മൂന്നു ദിവസങ്ങൾ കഴിച്ചുകൂട്ടി ഇത് കണ്ട് ഭയന്ന്, ഞാൻ ബാബയോട് ഈ വൃദ്ധക്ക് വേണ്ടി ഇടപെട്ട് ഇപ്രകാരം പറഞ്ഞു. “ദേവ! ഇതെന്താണങ്ങ് തുടങ്ങിവെച്ചത്? അവിടുന്ന് പലരേയും ഇങ്ങോട്ട് വലിച്ചിഴച്ച് കൊണ്ടുവരുന്നു. അവിടുത്തേക്ക് ആ വൃദ്ധസ്ത്രീയെ അറിയാമല്ലോ. അവർ ഒരേ പിടിവാശിയിൽ, അവിടുത്തെ തന്നെ ആശ്രയിക്കുന്നു. അവിടുന്ന് സ്വീകരിച്ച് ഉപദേശിക്കാത്ത പക്ഷം അവർ പട്ടിണി കിടന്ന് മരിക്കും. അവർക്കെന്തെങ്കിലും സംഭവിച്ചാൽ, ജനങ്ങൾ അവിടുത്തെ കുറ്റപ്പെടുത്തി, ബാബ ഉപദേശിക്കാത്തതുകൊണ്ട് അവർ മരിച്ചുപോയി എന്ന് പറയും. അതുകൊണ്ട് അവരോട് ദയകാണിച്ച് അനുഗ്രഹിച്ച് ഉപദേശം കൊടുക്കണേ”. അവരുടെ വാശി മനസ്സിലാക്കി, ബാബ അവരെ ആളയച്ചുവരുത്തി, ഇപ്രകാരം പറഞ്ഞ്, അവരുടെ മനസ്ഥിതി തന്നെ മാറ്റി. “ഓ അമ്മേ (ബാബ സ്ത്രീകളെ അമ്മ എന്നും പുരുഷന്മാരെ കാക്കാ, ബാപ്പു, ഭാവു എന്നുമാണ് വിളിക്കുക) നിങ്ങളെന്തിനാണ് വേണ്ടാത്ത ക്ലേശങ്ങൾ അനുഭവിച്ച് മരിക്കാൻ പോവുന്നത്. നിങ്ങൾ എന്റെ അമ്മയും, ഞാൻ നിങ്ങളുടെ കുട്ടിയുമാണ്. എന്നിൽ ദയതോന്നി പറയുന്നത് കേൾക്കൂ. എന്റെ തന്നെ കഥ





ഞാൻ പറയട്ടെ. അതു ശ്രദ്ധിച്ചു കേട്ടാൽ നിങ്ങൾക്കു നല്ലതാണ്. എനിക്ക് ഒരു ഗുരുവുണ്ടായിരുന്നു അദ്ദേഹം ഒരു മഹായോഗിയും പരമ ദയാലുവുമായിരുന്നു. ഞാൻ അദ്ദേഹത്തെ വളരെക്കാലം പരിചരിച്ചു. എന്നിട്ടും അദ്ദേഹം യാതൊരു മന്ത്രവും എന്റെ ചെകിട്ടിൽ പറഞ്ഞു തന്നില്ല, അദ്ദേഹത്തെ വിടാതെ കൂടെക്കൂടി പരിചരിച്ചു. എന്തുവിലകൊടുത്തും ഒരു ഉപദേശം വാങ്ങണമെന്ന അതിയായ ആശ എനിക്കുണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിന്, അദ്ദേഹത്തിന്റേതായ പാന്ഥാവുണ്ടായിരുന്നു. അദ്ദേഹം ആദ്യം എന്റെ തല മുണ്ഡനം ചെയ്യിച്ച് രണ്ട് പൈസ ദക്ഷിണ ആവശ്യപ്പെട്ടു. ഞാൻ ഉടനെ കൊടുത്തു. നിങ്ങൾ ചോദിക്കുമായിരിക്കാം, എന്റെ ഗുരു തികഞ്ഞവനായിരിക്കെ എന്തിന് പണം ആവശ്യപ്പെട്ടു,അദ്ദേഹത്തിന്റെ 2 പൈസ എന്നത് (1) ഉറച്ച വിശ്വാസവും (2) ക്ഷമയുമായിരുന്നു. ഇത് രണ്ടും ഞാൻ അദ്ദേഹത്തിന് കൊടുത്തപ്പോൾ അദ്ദേഹം സന്തുഷ്ടനായി. “12 കൊല്ലങ്ങളോളം എന്റെ ഗുരുവെ ആശ്രയിച്ചു. അദ്ദേഹം എന്നെ വളർത്തി. ഭക്ഷണത്തിന്നോ വസ്ത്രത്തിന്നോ യാതൊരു ക്ഷാമവുമില്ലായിരുന്നു. അദ്ദേഹം പ്രേമ പൂരിതനായിരുന്നു, പോരാ, പ്രേമം മൂർത്തീഭവിച്ചവനായിരുന്നു, എനിക്കെങ്ങിനെ അത് വിവരിക്കാൻ കഴിയും? അദ്ദേഹം എന്നെ അത്യധികം സ്നേഹിച്ചു. അദ്ദേഹത്തെപോലത്തെ ഗുരുക്കൾ ദുർലഭമാണ്. ഞാൻ അദ്ദേഹത്തെ നോക്കുമ്പോൾ അദ്ദേഹം പരിപൂർണ്ണ സമാധിയിലാണെന്ന് എനിക്കു തോന്നും. അങ്ങിനെ ഞങ്ങൾ രണ്ടുപേരും പരമാനന്ദം അനുഭവിച്ചു. രാവുപകൽ വിശപ്പും ദാഹവുമറിയാതെ, ഞാൻ അദ്ദേഹത്തെ മിഴിച്ചുനോക്കിയിരിക്കും. അദ്ദേഹത്തെകൂടാതെ എനിക്ക് ശാന്തിയില്ലെന്നായി. എനിക്ക് ധ്യാനിക്കാനോ ശ്രദ്ധിക്കാനോ എന്റെ ഗുരുവല്ലാതെ മറ്റൊന്നുമില്ലെന്നായി. എന്റെ ഒരേ അഭയസ്ഥാനം അദ്ദേഹമായിരുന്നു. എന്റെ മനസ്സ് സദാ

അദ്ദേഹത്തിന്മേൽ ഉറപ്പിച്ചിരുന്നു. ഇതാണ് ഒരു പൈസ ദക്ഷിണ. ക്ഷമയാണ് മറ്റേ പൈസ ഞാൻ ക്ഷമയോടുകൂടി വളരെക്കാലം ഗുരുവെ പരിചരിച്ചു. ഈ ക്ഷമ നിങ്ങളെ സംസാര സാഗരം കടത്തിവിടും. ക്ഷമ പുരുഷനിൽ പുരുഷത്വമാണ്. അത് എല്ലാ പാപവും കഷ്ടതകളും തീർക്കുന്നു. ദുരിതങ്ങളെ പലവിധത്തിലും ഇല്ലാതാക്കുന്നു. ഭയത്തെ നശിപ്പിക്കുന്നു. ഒടുവിൽ നിങ്ങൾക്ക് വിജയം തരുന്നു. ക്ഷമ, ഗുണങ്ങളുടെ വിളനിലവും സൽചിന്തകളുടെ സന്തത സഹചാരിയുമാണ്. നിഷ്ഠയും ക്ഷമയും അന്യോന്യം അത്യധികം സ്നേഹിക്കുന്ന ഇരട്ട സഹോദരിമാരെ പോലെയാണ്.

“എന്റെ ഗുരു എന്നിൽ നിന്ന് മറ്റൊന്നും പ്രതീക്ഷിച്ചിരുന്നില്ല. അദ്ദേഹം എന്നോട് ഒരിക്കലും അനാസ്ഥ കാണിക്കാതെ സദാ രക്ഷിച്ചുകൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തോടുകൂടി താമസിക്കുകയും ചിലപ്പോൾ വേറിട്ടു നില്ക്കുകയും ചെയ്തു. എന്നിട്ടും എനിക്ക് അദ്ദേഹത്തിന്റെ സ്നേഹത്തിന് കമ്മി വന്നതായി ഒരിക്കലും അനുഭവപ്പെട്ടില്ല. അദ്ദേഹം, ആമ എപ്രകാരം പുഴക്ക് അക്കരെയുള്ള കുഞ്ഞുങ്ങളെ ദൃഷ്ടികൊണ്ട് രക്ഷിക്കുന്നുവോ, അതുപോലെ എപ്പോഴും എന്നെ പ്രേമാർദ്ര ദൃഷ്ടികൾകൊണ്ട് രക്ഷിച്ചു. ഓ അമ്മേ! എന്റെ ഗുരു എന്നെ ഒരു മന്ത്രവും പഠിപ്പിച്ചില്ല. പിന്നെ ഞാനെങ്ങിനെ നിങ്ങളുടെ ചെവിയിൽ മന്ത്രം ഉപദേശിക്കും. ഗുരുവിന്റെ ആമക്കുള്ളപോലത്തെ സ്നേഹാർദ്രമായ ദൃഷ്ടി നമുക്ക് ആനന്ദം തരുന്നു എന്ന് ഓർമ്മിക്കുക. ആരിൽനിന്നും ഉപദേശമോ മന്ത്രമോ കിട്ടാൻ ശ്രമിക്കരുത്. എന്നെ എല്ലാ ചിന്തകളുടെയും കർമ്മങ്ങളുടെയും ലക്ഷ്യമാക്കിയാൽ നിസ്സംശയം നിങ്ങൾക്ക് പരമാർത്ഥം എന്തെന്ന് അനുഭവപ്പെടും. പരിപൂർണ്ണ സംതൃപ്തിയോടെ എന്നെ നോക്കിയാൽ അതുപോലെ തന്നെ ഞാൻ അങ്ങോട്ടു നോക്കും. ഈ മസ്ജിദി

ലിരുന്ന് ഞാൻ സത്യമല്ലാതെ മറ്റൊന്നും പറയുകയില്ല. സാധന കളോ ആറു ശാസ്ത്രങ്ങളുടെ ജ്ഞാനമോ ഒന്നും ആവശ്യമില്ല. നിങ്ങളുടെ ഗുരുവിൽ വിശ്വാസവും ഭക്തിയും ഉണ്ടായാൽ മതി. ഗുരു മാത്രമാണ് എല്ലാകർമ്മങ്ങളും ചെയ്യുന്നതെന്ന് പരിപൂർണ്ണ മായി വിശ്വസിക്കുക. ഗുരുവിന്റെ മഹത്വം അറിഞ്ഞ് അദ്ദേഹത്തെ ഹരിഹരബ്രഹ്മമാണെന്നു സങ്കല്പിക്കുന്നവൻ അനുഗൃഹീതനാ ണ്." ഇപ്രകാരം ഉപദേശം സിദ്ധിച്ച ആ വൃദ്ധക്ക് കാര്യം മനസ്സി ലാവുകയും അവർ ബാബയെ നമസ്കരിച്ച് നിരാഹാരം വേണ്ടെന്ന് വെയ്ക്കുകയും ചെയ്തു.

ഈ കഥ ശ്രദ്ധാപൂർവ്വം കേട്ട് അതിന്റെ സന്ദർഭോചിത ത്വവും പ്രാധാന്യവും മനസ്സിലാക്കി ആപാദചൂഡം പുളകിത നായി, അതീവ സന്തുഷ്ടനായി, ബാഷ്പാവരുദ്ധകണ്ഠനായി, ഒന്നും പറയാൻ പറ്റാതെ അയാൾ നിന്നു. ശാമ ഈ സ്ഥിതി കണ്ടു ചോദിച്ചു: "നിങ്ങൾക്കെന്തു പറ്റി? എന്താണ് നിശബ്ദനാ യത്? എത്ര എത്ര അസംഖ്യം ബാബാ ലീലകളാണ് പറയാനു ള്ളത്!"

അപ്പോഴെക്കും മസ്ജിദിൽ നിന്നും മദ്ധ്യാഹ്ന ആരതി ക്കുള്ള മണിയടിക്കാൻ തുടങ്ങി. അതിനാൽ ശാമയും ഹേമ ദ്പാന്തും മസ്ജിദിലേക്കു തിരക്കിട്ടു പോയി. ബാപ്പു സാഹെബ് ജോഗ് ആരതി നടത്തിയിരുന്നു. സ്ത്രീകൾ മസ്ജിദിലും പുരു ഷന്മാർ മുറ്റത്തുമായി നിന്ന് ആരതി ഗീതം വാദ്യാഘോഷത്തോ ടുകൂടി ഉച്ചത്തിൽ പാടുന്നുണ്ടായിരുന്നു. ശാമ, ഹേമദ്പാന്തിന്റെ കൈ പിടിച്ചു വലിച്ച് മീതെക്കു കയറി. അയാൾ ബാബയുടെ വലതു ഭാഗത്തും ഹേമദ്പാന്ത് മുന്നിലും ഇരുന്നു. അവരെക്കണ്ട് ബാബ ഹേമദ്പാന്തിനോട് ശാമയോട് വാങ്ങിയ ദക്ഷിണ ആവ ശ്യപ്പെട്ടു. അയാൾ ശാമ ഉറുപ്പികക്ക് പകരം നമസ്കാരങ്ങളാണ് തന്നയച്ചതെന്നും ശാമതന്നെ നേരിട്ടു വന്നിട്ടുണ്ടെന്നും പറഞ്ഞു.

ബാബ പറഞ്ഞു“ശരി ഇനി നിങ്ങൾ വർത്തമാനം പറഞ്ഞുവോ? എന്തിനെപ്പറ്റിയാണ് പറഞ്ഞത്? എനിക്കെല്ലാം കേൾക്കണം”. എന്നു പറഞ്ഞു ചെണ്ടയുടെയും മണിയുടെയും പാട്ടിന്റെയും ശബ്ദങ്ങൾ വകവെയ്ക്കാതെ ഹേമദ്പാന്ത് പറയാൻ ഉത്സുക നായി. ഉണ്ടായ വിവരങ്ങൾ പറയാൻതുടങ്ങി. ബാബകേൾക്കാൻ തിരക്കായി മുന്നോട്ടു ചാഞ്ഞിരുന്നു ശ്രദ്ധിച്ചു. എല്ലാ കഥകളും ആനന്ദകരമായിരുന്നെന്നും പ്രത്യേകിച്ച് വൃദ്ധസ്ത്രീയുടെ കഥ അതിശയകരമായിരുന്നെന്നും ബാബയുടെ ലീലകൾ അവർണ്ണ നീയമാണെന്നും ഈ കഥയിലൂടെ ബാബ തന്നെ അനുഗ്രഹി ച്ചുവെന്നും ഹേമദ്പാന്ത് പറഞ്ഞു. ബാബ പറഞ്ഞു ആ കഥ അതിശയകരമാണ്. എങ്ങിനെയാണ് നീ അനുഗ്രഹീതനായത്? എല്ലാം വിശദമായി എനിക്കു കേൾക്കണം. അതുകൊണ്ട് മുഴു വൻ പറയു. അപ്പോൾ ഹേമദ്പാന്ത് താൻ കുറച്ചു മുന്നെ കേട്ട കഥ വിശദമായി പറഞ്ഞു. അതു തന്റെ മനസ്സിൽ തട്ടിയതായി വിശദീകരിച്ചു. ഇതു കേട്ട് ബാബ സന്തുഷ്ടനായി ഇപ്രകാരം അയാളോട് ചോദിച്ചു. “ ആ കഥ മനസ്സിൽ തട്ടിയോ? അതിന്റെ പ്രാധാന്യം മനസ്സിലായോ? അയാൾ മറുപടി പറഞ്ഞു ഉവ്വ് ബാബ ! എന്റെ മനസ്സിന്റെ വിഭ്രമം തീർന്ന് ശാന്തമാവുകയും ശരിയായ മാർഗ്ഗം എനിക്കു മനസ്സിലാവുകയും ചെയ്തു.

അപ്പോൾ ബാബ ഇപ്രകാരം പറഞ്ഞു എന്റെ പ്രവർത്തന രീതി പ്രത്യേക തരമാണ്. ഈ കഥ നല്ല പോലെ ഓർമ്മിക്കുക. അതു വളരെ പ്രയോജനകരമാണ്. ആത്മജ്ഞാനത്തിന് ധ്യാനം അത്യാവശ്യമാണ്. അതു മുടങ്ങാതെ ചെയ്താൽ വൃത്തികൾ (ചിന്തകൾ) അടങ്ങും. നിസ്സംഗനായി സമസ്ത ചരാചരങ്ങ ളിലുമുള്ള ഭഗവാനെ ധ്യാനിക്കണം. അങ്ങിനെ മനസ്സ് ഏകീക രിച്ചാൽ പ്രാപ്യസ്ഥാനത്തെത്തി. എന്റെ അരൂപഭാവത്തെ ധ്യാനി ക്കുക. അത് ജ്ഞാനം, ബോധം, ആനന്ദം ഇവയുടെ മൂർത്തീക

രണമാണ്. അത് കഴിയില്ലെങ്കിൽ എന്നെ നിത്യവും രാവുപകൽ കാണുന്ന രൂപത്തിൽ അടി മുതൽ മുടിവരെ ധ്യാനിക്കണം. ഇങ്ങിനെ മുടങ്ങാതെ ചെയ്താൽ, വൃത്തികൾ ഏകാഗ്രമായി, ധ്യാതാവ്, ധ്യാനം, ധ്യേയം ഇവ തമ്മിലുള്ള വ്യത്യാസം നശിച്ച് ധ്യാതാവ് ബോധവാനായി, ബ്രഹ്മത്തിൽ ലയിക്കുന്നു. തള്ള ആമ പുഴയുടെ ഒരു കരയ്ക്കലും, കുഞ്ഞുങ്ങൾ മറുകരയിലുമാണ്. അത് അവർക്ക് പാലോ ഭക്ഷണമോ കൊടുക്കുന്നില്ല. കുഞ്ഞുങ്ങൾ തള്ളയെ ധ്യാനിക്കുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. ആമയുടെ ദൃഷ്ടി കുഞ്ഞുങ്ങൾക്ക് അമൃതവൃഷ്ടിപോലെയാണ്. അത് അവയുടെ വളർച്ചയ്ക്കും സന്തുഷ്ഠിക്കും ഉള്ള മാർഗ്ഗമാണ്. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധവും തത്തുല്യവുമാണ്.

ബാബ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ആരതി അവസാനിച്ച് എല്ലാവരും ഉറക്കെ “ശ്രീ സച്ചിദാനന്ദസദ്ഗുരു ശ്രീ സായി നാഥ മഹാരാജ്കീ ജയ്” എന്നു വിളിച്ചു. പ്രിയ വായനക്കാരെ, ഈ സമയം മസ്ജിദിലെ ജനക്കൂട്ടത്തിൽ നിൽക്കുന്നുവെന്ന് ധ്യാനിച്ച് നമുക്കും ഈ ജയാരവത്തിൽ പങ്കുകൊള്ളുക.

ആരതി അവസാനിച്ച് പ്രസാദ വിതരണം നടന്നു. ബാപ്പു സാഹെബ് ജോഗ് മുന്നോട്ടുവന്ന്, ബാബയെ നമസ്കരിച്ച്, അദ്ദേഹത്തിന്റെ കൈയിൽ ഒരുപിടി കല്കണ്ട് വെച്ചുകൊടുത്തു. ബാബ അത് മുഴുവൻ ഹേമദ്പാന്തിന്റെ കയ്യിൽകൊടുത്ത് പറഞ്ഞു. “ ഈ കഥ ഹൃദയത്തിൽവെച്ച് ഓർമ്മിച്ചാൽ അത് കല്ക്കണ്ടുപോലെ മധുരമായിരിക്കും. എല്ലാ ആഗ്രഹങ്ങളും നിറവേറി നീ സന്തുഷ്ടനാവും” ഹേമദ്പാന്ത് ബാബയെ നമസ്കരിച്ചു പറഞ്ഞു. “ എന്നെ ഇങ്ങിനെ തുണച്ച് എല്ലായ്പ്പോഴും രക്ഷിച്ചു നയിച്ചാലും”. ബാബ പറഞ്ഞു. ഈ കഥ കേട്ട് അതിനെപ്പറ്റി

ധ്യാനിച്ച് അതിന്റെ തത്വം ഉൾക്കൊള്ളുക. അപ്പോൾ നീ സദാ സമയവും ദൈവത്തെ ധ്യാനിക്കലാവുകയും നിനക്ക് പ്രത്യക്ഷ മാവുകയും ചെയ്യും". പ്രിയ വായനക്കാരെ! ഹേമദ്പാന്തിന് അപ്പോൾ കല്ക്കണ്ട് പ്രസാദമായിക്കിട്ടി. നമുക്ക് ഈ കഥയാ കുന്ന കല്ക്കണ്ടും അമൃതവും ഇതാ കിട്ടുന്നു. അത് തൃപ്തിവ രുവോളം പാനം ചെയ്യുക. അതിനെപ്പറ്റി മനനം ചെയ്ത്, അതിന്റെ അന്തസ്സത്ത് ഉൾക്കൊള്ളുക. അങ്ങിനെ ബാബയുടെ അനുഗ്രഹത്താൽ ശക്തിയും സന്തോഷവും ആർജ്ജിക്കുക. ആമെൻ! 19-ാം അദ്ധ്യായത്തിന്റെ അവസാനം ഹേമദ്പാന്ത് പ്രതി പാതിച്ച മറ്റു ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

## നമ്മുടെ പെരുമാറ്റത്തെപ്പറ്റി ബാബയുടെ ഉപദേശം

ബാബയുടെ താഴെക്കാണുന്ന വാക്യങ്ങൾ പൊതുവെ ബാധകവും അമൂല്യങ്ങളുമാണ്. അത് മനസ്സിൽ ധരിച്ച് അനു സരിച്ച്, പ്രവൃത്തിച്ചാൽ സദാ ഗുണകരമായിരിക്കും. " എന്തെ ങ്കിലും ബന്ധമോ സംസർഗ്ഗമോ ഇല്ലാതെ, യാതൊരാളും യാതൊ രിടത്തും പോവില്ല. ഏതെങ്കിലും മനുഷ്യനോ ജീവിയോ നിങ്ങ ളുടെ അടുത്ത് വന്നാൽ, അപമര്യാദയായി ഒരിക്കലും ആട്ടി ഓടി ക്കരുത്. അവയെ നല്ല നിലയിൽ സ്വീകരിച്ച് ബഹുമാനത്തോടു കൂടി പെരുമാറുക. നിങ്ങൾ ദാഹിക്കുന്നവന് വെള്ളവും, വിശ ക്കുന്നവന് ഭക്ഷണവും, നഗ്നന് വസ്ത്രവും, അപരിചിതന് വിശ്ര മിക്കാൻ കോലായയും കൊടുത്താൽ, ശ്രീഹരി തീർച്ചയായും പ്രസാദിക്കും. ആരെങ്കിലും പണം ചോദിച്ചാൽ, നിങ്ങൾ കൊടുക്കാൻ തയ്യാറായില്ലങ്കിൽ കൊടുക്കേണ്ട, പക്ഷേ, അയാൾക്കു നേരെ നായയെപോലെ കുരക്കാതിരിക്കുവിൻ. ആരെ ങ്കിലും നിങ്ങൾക്കെതിരായി നൂറുകൂട്ടം പറഞ്ഞാലും ചീത്തയായ മറുപടിയും പറയാതിരിക്കുവിൻ. നിങ്ങൾ എപ്പോഴും ഇങ്ങിനെ

പെരുമാറിയാൽ, നിങ്ങൾ തീർച്ചയായും സന്തുഷ്ടനാവും. ലോകം തല കീഴ്മറിഞ്ഞോട്ടെ, നിങ്ങളിരിക്കുന്നേടത്ത് ഇരുന്നുകൊള്ളുവിൻ. നിങ്ങളുടെ സ്ഥാനത്തിരുന്നോ നിന്നോ, ശാന്തനായി നിങ്ങളുടെ മുന്നിലൂടെ പോവുന്ന കാഴ്ച നോക്കിക്കാണുവിൻ. നിങ്ങളെ എന്നിൽനിന്ന് വേർതിരിക്കുന്ന മതിൽ പൊളിക്കുവിൻ; എന്നാൽ നമ്മുടെ കൂടികാഴ്ചക്കുള്ള വീഥി, തുറന്ന് വ്യക്തമായി കാണാം. " നീ " "ഞാൻ" എന്ന വ്യത്യസ്ത മനോഭാവമാണ്, ശിഷ്യനെ ഗുരുവിൽനിന്നകറ്റുന്നത്; അത് നശിപ്പിച്ചാലല്ലാതെ ഗുരുശിഷ്യാഭാവങ്ങളുടെ ഐക്യം സാദ്ധ്യമാവുന്നില്ല. "അള്ളാ മാലിക്ക്" മറ്റാരും നമുക്കുടമയില്ല. ബാബയുടെ പ്രവർത്തന പദ്ധതി, അസാധാരണവും, അമൂല്യവും, അനിർവചനീയവുമാണ്. ബാബ ഇച്ഛപോലെ നടക്കും. ബാബ ആഗ്രഹപൂർത്തി വരുത്തി, നമ്മെ നേർവഴി കാണിക്കും. ഋണാനുബന്ധം (മുൻബന്ധം) കൊണ്ടാണ് നാം ഒന്നിച്ച് ചേർന്നത്. നമുക്ക് അന്യോന്യം സേവനം ചെയ്ത് സന്തുഷ്ടരാവുക. ജീവിതത്തിന്റെ പരമ ലക്ഷ്യം തേടുന്നവർ സന്തുഷ്ടനും അമരനുമാണ്. മറ്റുള്ളവർ ജീവിക്കുന്നു. അതായത് ശ്വാസം കഴിയുന്നതുവരെ വെറുതെ ജീവിക്കുന്നു.

## നല്ല ചിന്തകളുടെ ഫലപ്രാപ്തിക്ക് പ്രോത്സാഹിപ്പിക്കൽ

സായിബാബ എങ്ങിനെ നല്ല ചിന്തകളെ പ്രോത്സാഹിപ്പിച്ചു എന്നത് രസകരമാണ്. നിങ്ങളുടെ സമസ്തവും ഭക്തി പ്രേമങ്ങളോടുകൂടി ബാബയിൽ സമർപ്പിച്ചാൽ, പലകാര്യങ്ങളും ബാബ ഏതു പ്രകാരമാണ് സഹായിക്കുന്നതെന്ന് അനുഭവപ്പെടും. ചില ഋഷിമാർ പറയുന്നു, നിങ്ങൾ കാലത്തുണരുമ്പോൾ ഒരു നല്ല ചിന്ത മനസ്സിലുദിച്ചാൽ, അത് പകൽ മുഴുവൻ വളർത്തികൊണ്ടുവന്നാൽ ബുദ്ധി വികസിച്ച് ശാന്തത ലഭ്യമാകും. എന്ന്. ഹേമദ്പാന്തിന് ഇത് പരീക്ഷിക്കണമെന്നുണ്ടായിരുന്നു. ഒരു





ബുധനാഴ്ച രാത്രി ഉറങ്ങുന്നതിനുമുമ്പ് ഇങ്ങിനെ വിചാരിച്ചു. “നാളെ വ്യാഴാഴ്ചയാണ്. പുണ്യദിവസം. സ്ഥലമോ പുണ്യസ്ഥലമായ ഷിർദ്ദിയും. അതുകൊണ്ട് നാളത്തെ ദിവസം മുഴുവൻ ഞാൻ രാമനാമം ജപിച്ചും സ്മരിച്ചും കഴിയുമാറാവട്ടെ” എന്ന് . അങ്ങിനെ അയാൾ ഉറങ്ങിപ്പോയി. പിറ്റെന്ന് പുലർച്ചെ ഉണർന്നതോടുകൂടി രാമനാമം ഓർമ്മവന്ന് അയാൾ സന്തുഷ്ടനായി. രാവിലത്തെ ദിനചര്യകൾ കഴിഞ്ഞു പുഷ്പങ്ങൾ വാങ്ങി, ബാബയെ കാണാൻ പോയി. സതേ വാഡ കഴിഞ്ഞു ഭൂട്ടിവാഡ (സമാധി മന്ദിരം) കടക്കുമ്പോൾ ഔറംഗബാദ്കർ ബാബയെ മസ്ജിദിൽവെച്ച് സ്തുതിക്കുന്ന മനോഹരമായ ഒരുഗാനം അയാൾ കേട്ടു. ഗാനം ഏകനാഥിന്റെ “ ഗുരുകൃപാഞ്ജൻ പായോമേരോ ഭായ് ” തുടങ്ങിയതായിരുന്നു. അതിൽ പറയുന്നത് ഗുരുകടാക്ഷരൂപേണ അദ്ദേഹത്തിനു സമാധി ലഭിച്ച് അന്തർദൃഷ്ടി തുറന്ന് ഉള്ളിലും പുറത്തും, രാമനെ കാണാൻ കഴിഞ്ഞു എന്നാണ്. പലെ പാട്ടുകളും ഉള്ളതിൽ എന്തിനാണ് ഈ പാട്ടുതന്നെ ബാബ ഭക്തനായ ഔറംഗബാദ്കർ തിരഞ്ഞെടുത്തത്? ഇത് ഹേമദ്പാന്തിന്റെ രാമനാമം ജപിക്കാനുള്ള തീരുമാനത്തെ വളർത്തി എടുക്കാൻ ബാബയാൽ ഏർപ്പാടുചെയ്യപ്പെട്ട ഒരു പ്രത്യേക സമാന്തര സംഭവംതന്നെയല്ലെ? എല്ലാ ഋഷിമാരും അതിന്റെ പ്രാധാന്യത്തെ പുകഴ്ത്തുന്നവരുമാണ്. ഭക്തന്മാരുടെ ഇംഗിതം പ്രദാനം ചെയ്ത് സർവ്വ കഷ്ടപ്പാടുകളെയും തരണം ചെയ്യിക്കുന്നു.

## ഉപദേശങ്ങളുടെ വ്യത്യസ്തരൂപം, അപലപിച്ചവനെ കുറ്റപ്പെടുത്തി.

സായിബാബക്ക് ഉപദേശം കൊടുക്കാൻ പ്രത്യേക സ്ഥലമോ സമയമോ ആവശ്യമില്ലായിരുന്നു. എപ്പോൾ അവസരം വന്നുവോ, അപ്പോൾ ബാബ അത് നിർല്ലോഭം കൊടുക്കുമായി

രുന്നു. ഒരിക്കൽ ബാബയുടെ ഒരു ഭക്തൻ മറ്റൊരാളെപ്പറ്റി അയാൾ കേൾക്കാതെ ദൂഷണം പറഞ്ഞു. അയാളുടെ ഗുണഗണങ്ങളെ പറയാതെ കുറ്റങ്ങളും കുറവുകളും പുച്ഛ രൂപേണ പറഞ്ഞ്, കേൾക്കുന്നവർക്കുകൂടി മടുപ്പുതോന്നി. സ്വതവേ മനുഷ്യർക്ക് മറ്റുള്ളവരെ അപവാദം പറയുന്ന സ്വഭാവമുണ്ടല്ലോ. ഇത് തെറ്റിദ്ധാരണക്കും വിരോധത്തിനും കാരണമാവുന്നു. ഋഷിമാർ അപവാദത്തെ മറ്റു തരത്തിലാണ് കാണുന്നത്. അവർ പറയുന്നത് അഴുക്കു കളയാൻ പല മാർഗ്ഗങ്ങളുമുണ്ട്. അതായത് മണ്ണുപയോഗിച്ചും വെള്ളം സോപ്പ് ഇവ കൊണ്ടും മറ്റും. എന്നാൽ പരദൂഷണക്കാരന്റേത് അയാളുടെ ഒരു പ്രത്യേക തരം അഴുക്കുകളയൽ (കുറ്റം) അയാളുടെ നാക്കു കൊണ്ടു വൃത്തിയാക്കുന്നു. അങ്ങിനെ അയാൾ കുറ്റം പറയുന്ന ആളെ ഒരു തരത്തിൽ സേവനം നടത്തുന്നു. അതിന് കുറ്റം പറയുന്നവനോട് കുറ്റം പറയപ്പെട്ടവൻ നന്ദി പറയേണ്ടതുമാണ്. സായിബാബക്കു പരദൂഷണക്കാരന്റെ തെറ്റു തിരുത്താൻ ഒരു പ്രത്യേക മർഗ്ഗമാണുള്ളത്. ബാബയുടെ സർവ്വന്തര്യാമിത്വംകൊണ്ടു പരദൂഷണക്കാരൻ ചെയ്തതെല്ലാം ബാബക്കറിയാമായിരുന്നു. അയാളെ ഉച്ചസമയത്ത് ബാബ ലെണ്ടിതോട്ടത്തിലേക്കു പോകുംവഴിക്കു വെച്ചു കണ്ടപ്പോൾ അമേദ്ധ്യം തിന്നുന്ന ഒരു പന്നിയെ ചൂണ്ടിക്കാട്ടി കൊണ്ട് ബാബ ഇപ്രകാരം പറഞ്ഞു നോക്ക് എങ്ങനെ എന്തൊരാസ്വാദനത്തോടുകൂടിയാണ് അത് അമേദ്ധ്യം സേവിക്കുന്നത്. നിന്റെ സ്വാഭാവം ഇതു പോലെയാണ്. നീ നിന്റെ സഹോദരങ്ങളെ മനസ്സിന് തൃപ്തിവരുവോളം അപലപ്പിക്കുന്നു. എത്രയോ പുണ്യം ചെയ്തതിന്റെ ഫലമായാണ് നീ മനുഷ്യനായി പിറന്നത്. എന്നിട്ട് നീ ഇങ്ങനെ പ്രവർത്തിച്ചാൽ ഷിർദ്ദി നിന്നെ ഏതെങ്കിലും തരത്തിൽ സഹായിക്കാൻ പോകുന്നുണ്ടോ? ഭക്തൻ ഈ പാഠം മനസ്സിലാക്കിയാണ് അവിടെ നിന്ന് പോയതെന്ന് പറയാനില്ലല്ലോ.

ഇത്തരത്തിൽ ബാബ അവസരം കിട്ടുമ്പോഴെല്ലാം ഉപദേശം കൊടുത്തുകൊണ്ടിരുന്നു. ഈ വക കാര്യങ്ങൾ നമ്മൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ ആദ്ധ്യാത്മികലക്ഷ്യം വളരെ ദൂരെയൊന്നുമല്ല. ഒരു പഴഞ്ചൊല്ലുണ്ട് എന്റെ ഹരിയുണ്ടെങ്കിൽ എനിക്കു കട്ടിലിൽ വച്ചു ഭക്ഷണം തരും എന്ന്. ഇത് ഭക്ഷണവസ്ത്രാദികളെപ്പറ്റി ശരിയാവാം. പക്ഷെ ഇത് വിശ്വസിച്ച് ഒരാൾ ഒന്നും ചെയ്യാതെ ചുമ്മാതിരുന്നാൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ അവൻ നശിച്ചു പോവുക തന്നെ ചെയ്യും. ആദ്ധ്യാത്മ ജ്ഞാനത്തിന് ഒരുവൻ അങ്ങേയറ്റം പരിശ്രമിക്കുക തന്നെ വേണം. എത്രമാത്രം അദ്ധ്വാനിക്കുന്നുവോ അത്രത്തോളം അയാൾക്കു മെച്ചമാണ്.

സായിബാബ സർവ്വാന്തര്യാമിയും ഭൂമി, വായു, രാജ്യം, ലോകം, വെളിച്ചം, സ്വർഗ്ഗം, എന്നതിലെല്ലാം വ്യാപത്നാണെന്നും ബാബയ്ക്ക് പരിധിയില്ലെന്നും പറഞ്ഞിട്ടുണ്ട്. ബാബ ശരീരത്തിൽ ഒതുങ്ങി നില്കുന്നുവെന്നു വിശ്വസിക്കുന്നവരുടെ തെറ്റിദ്ധാരണ അകറ്റാൻ വേണ്ടി ഈ രൂപത്തിലവതിരിച്ചതാണ്. ആത്മാർപ്പണ ബുദ്ധിയോടെ ബാബയുടെ രൂപത്തെ മനസ്സിൽ കരുതി രാപ്പകൽ ധ്യാനിച്ചാൽ ബാബയുമായി യാതൊരു വ്യത്യാസവുമില്ലാതെ താദാത്മ്യം പ്രാപിച്ചുകൊള്ളും. ആ താദാത്മ്യം മാധുര്യവും പഞ്ചസാരപോലെയും കോളും കടലുംപോലെയും കണ്ണും പ്രകാശവും പോലെയും പരിപൂർണ്ണ യോജിപ്പുള്ളതാണ്. ജനനമരണാദികളെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നവൻ മനശാന്തി കൈവരുത്തി പരിശുദ്ധജീവിതം നയിക്കണം. മറ്റൊരാളെ വ്രണപ്പെടുത്തുന്ന യാതൊന്നും പറയരുത്. സൽകൃത്യങ്ങളിൽ വ്യാപൃതനായി എല്ലാം ഭഗവാനിൽ സമർപ്പിക്കണം. എന്നാൽ അയാൾക്ക് യാതൊന്നും ഭയപ്പെടാനില്ല.യാതൊരുത്തൻ സായിബാബയെ പൂർണ്ണമായി വിശ്വസിച്ച് ബാബയുടെ ലീലകളെ കേൾക്കുകയും പുകഴ്ത്തുകയും ചെയ്ത് മറ്റൊന്നിലും ശ്രദ്ധി

ക്കാതിരിക്കുന്നുവോ, അയാൾക്ക് ആത്മീയ വിജ്ഞാനവും അനുഭവവും കൈവെരുമെന്നതിന് പക്ഷാന്തരമില്ല. ബാബ പലരോടും ബാബയെ സ്മരിച്ച് സകലതും അർപ്പിക്കാൻ പറയലുണ്ട്. ആർക്കെങ്കിലും ഞാനാരാണ് എന്നറിയണമെന്നുണ്ടെങ്കിൽ അവർക്ക് ബാബ ശ്രവണവും മനനവും ഉപദേശിച്ചു. ചിലരോട് പാദസേവയും ചിലരോട് നാമജപവും ചിലരോട് ലീലാശ്രവണവും ചിലരോട് ഖണ്ഡോബാ ക്ഷേത്രത്തിൽ ഭജനമിരിക്കലും. ചിലരോട് വിഷ്ണു സഹസ്ര നാമ ജപവും ചിലരോട് ഛാന്ദോഗ്യ ഉപനിക്ഷത്തും ഗീതയും പഠിക്കാനും അങ്ങിനെ പലർക്ക് പല വിധം അവരവർക്ക് യോജ്യമായ തരത്തിൽ ബാബ നിർദ്ദേശിച്ചു.ബാബയുടെ ഉപദേശങ്ങൾക്ക് പരിധിയോ നിയന്ത്രണമോ ഉണ്ടായിരുന്നില്ല. ചിലർക്ക് ബാബ നേരിട്ട് ഉപദേശം കൊടുത്തു. മറ്റു ചിലർക്ക് സ്വപ്ന ദർശനങ്ങളെക്കൊണ്ട് ഉപദേശം കൊടുത്തു. ഒരു മദ്യാസക്തന് ബാബ സ്വപ്നത്തിൽ അയാളുടെ നെഞ്ചിൽ കയറിയിരുന്നു ഞെരുക്കുന്നതായും മദ്യം തൊടില്ലെന്ന വാഗ്ദാനത്തിനു ശേഷം മാത്രം സ്വാതന്ത്ര്യം കൊടുത്തതായും അനുഭവപ്പെട്ടു. ചിലർക്ക് ഗുരുർബ്രഹ്മാ മുതലായ മന്ത്രങ്ങൾ ഉപദേശിച്ചു. ഹഠയോഗം പരിശീലിച്ചിരുന്ന ഒരു ഭക്തനോട് ആളെ അയച്ച്, ഹഠയോഗം ഉപേക്ഷിച്ച് ശാന്തനായി ക്ഷമിച്ചിരിക്കാൻ പറഞ്ഞുപദേശിച്ചു. ബാബയുടെ എല്ലാ മാർഗ്ഗങ്ങളും സമ്പ്രദായങ്ങളും വിവരിക്കാൻ അസാദ്ധ്യമാണ്. സാധാരണ ലൗകീക കാര്യങ്ങളിൽ ബാബയുടെ പ്രവൃത്തികൾ മാർഗ്ഗനിർദ്ദിഷ്ടങ്ങളായിരുന്നു. ഒരു ഉദാഹരണം പറയാം: പ്രവൃത്തിക്കുള്ള പ്രതിഫലം ഒരു ഉച്ചസമയത്ത് ഒരു ദിവസം ബാബ, രാധാകൃഷ്ണമായിയുടെ വീട്ടിനുമുമ്പിൽ വന്നു. എനിക്ക് ഒരു കോണികൊണ്ടു വന്നു തരൂ എന്ന് പറഞ്ഞു. ചിലർ കോണി കൊണ്ടുവന്ന് ബാബ കാണിച്ചുകൊടുത്ത ഒരു വീട്ടീന്മേൽ ചാരിവെച്ചു. ബാബ വാമൻഗോഡ്ക്കാറുടെ പുരപ്പുറത്തൂടെ കയറി രാധാകൃഷ്ണമായിയുടെ പുര

പ്പുറത്തൂടെ നടന്ന് മറുവശത്തുള്ള മൂലയിലൂടെ താഴത്തിറങ്ങി. എന്താണ് ബാബയുടെ ഉദ്ദേശമെന്ന് ആർക്കും അറിയില്ല. അന്നേരം രാധാകൃഷ്ണമായി മലമ്പനി പിടിച്ചു വിറച്ചു കിടക്കുകയായിരുന്നു. ആ പനിയെ ഒഴിപ്പിക്കാനായിരിക്കാം ബാബ അങ്ങിനെ പോയത്. ഇറങ്ങിയ ഉടനെ കോണികൊണ്ടുവന്നവർക്ക് ബാബ രണ്ടുറുപ്പിക കൊടുത്തു. ആരോ ധൈര്യമവലംബിച്ച്, ബാബയോട് എന്തിനാണിത്രയധികം കൊടുത്തതെന്ന് ചോദിച്ചു. ബാബയുടെ മറുപടി, ഒറ്റൊരുത്തനും മറ്റൊരുത്തന്റെ അദ്ധ്വാനം വെറുതെ സ്വീകരിക്കരുത്. പ്രവൃത്തി എടുക്കുന്നവന് ഉടനെ കയ്യഴിച്ച് പ്രതിഫലം കൊടുക്കണം എന്നായിരുന്നു. ബാബയുടെ നിർദ്ദേശം അംഗീകരിച്ചാൽ അതായത് തൊഴിലാളിക്ക് സുഭിക്ഷമായി തൃപ്തികരമായി കാലതാമസം വരുത്താതെ കൂലി കൊടുത്താൽ തൊഴിലാളി നല്ലപോലെ പണിയെടുത്ത് തൊഴിലാളിക്കും ഉടമക്കും ലാഭകരമാവുന്നതും പൂട്ടിയിടലും പണിമുടക്കും ഒഴിവാക്കാവുന്നതും മുതലാളിയും തൊഴിലാളിയും തമ്മിൽ വൈരാഗ്യം - വെറുപ്പ് സംഭവിക്കാതിരിക്കുന്നതുമാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!